(ബി) അതുകൊണ്ടുണ്ടാകുന്ന പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ : വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ക്യാമറ സ്ഥാപിച്ച ചെക്ക്പോസ്റ്റുകളിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) ഇതുമൂലം നികുതിയിനത്തിൽ വരുമാനവർദ്ധനവുണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനക്ഷമത നിരീക്ഷിക്കാനും പ്രവർത്തന വൈകല്യം ഉടനടി പരിഹരിക്കാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാന മെന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ക്യാമറ പകർത്തുന്ന ദൃശ്യങ്ങൾ റെക്കോർഡ് ചെയ്ത് സൂക്ഷിക്കാൻ സംവിധാനമുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ചെക്ക്പോസ്റ്റ് പ്രവർത്തനം വാണിജ്യ നികുതി കമ്മീഷണറേറ്റിൽനിന്നും നിരീക്ഷിക്കുന്നതിനുവേണ്ടിയാണ് നിരീക്ഷണ ക്യാമറ സ്ഥാപിച്ചിരിക്കുന്നത്. ഇത് ചെക്ക്പോസ്റ്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സഹായിക്കും.

(ബി&സി) ഉണ്ട്. ക്യാമറയുടെ നിരീക്ഷണപരിധി ചെക്ക്പോസ്റ്റിൽ ഉള്ള വർക്ക് അറിയാൻ സാധിക്കാത്തതിനാൽ ഉദ്യോഗസ്ഥർ അച്ചടക്കം പാലിക്കുന്നു ണ്ട്. ചെക്ക്പോസ്റ്റ് കൗണ്ടറിൽ അനിയന്ത്രിതമായ തിരക്കുണ്ടായാൽ അത് കമ്മീഷണർക്ക് നേരിട്ട് മനസ്സിലാക്കുന്നതിനും കീഴുദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാനും സാധിക്കും.

(ഡി) നിരീക്ഷണ ക്യാമറ സ്ഥാപിച്ചത് ചെക്ക്പോസ്റ്റും പരിസരവും നിരീക്ഷിക്കുന്നതിലേക്ക് മാത്രമാണ്. ഇതിന് നികുതി വർദ്ധനവുമായി ബന്ധമില്ല.

(ഇ) നിലവിൽ ആഫീസ് പ്രവർത്തനസമയത്ത് മാത്രമേ നിരീക്ഷണം നടന്നുവരുന്നുള്ളൂ. ഇത് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിന് കൂടുതൽ ഉദ്യോഗസ്ഥർ ആവശ്യമാണ്. എങ്കിലും ക്യാമറാ ദൃശ്യങ്ങൾ യഥാസമയം റെക്കോർഡ്ചെയ്ത് സൂക്ഷിക്കുന്നുണ്ട്. അത് എപ്പോൾ വേണമെങ്കിലും പരിശോധിക്കാവുന്നതാണ്.

(എഫ്) ഉണ്ട്. ഇത് 7 ദിവസംവരെ സെർവറിൽ സൂക്ഷിക്കാനും സംവിധാനമുണ്ട്.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

164 (178) ശ്രീ. രാജാജി മാത്യു തോമസ് : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ടൂറിസംവകുപ്പിന് കീഴിലും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിന്കീഴിലും സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഒല്ലൂർ നിയോജകമണ്ഡലത്തിൽ പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വിഭാഗത്തിനുകീഴിൽ തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു :

1. പട്ടിക്കാട് - പീച്ചി റോഡിലെ കി.മീറ്റർ 0/000 മുതൽ 6/600 വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തി - 618 ലക്ഷം രൂപ
2. മണ്ണുത്തി - മാടക്കത്തറ - താണിക്കുടം - കുണ്ടുകാട് ബൈപ്പാസ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി - 180 ലക്ഷം രൂപ
3. പുത്തൂർ - മണ്ണമംഗലം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി - 60 ലക്ഷം രൂപ
4. തൃശ്ശൂർ - താലൂർ റോഡിന്റെ കീമീറ്റർ 6/300 മുതൽ 9/700 വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തി - 60 ലക്ഷം രൂപ
5. മച്ചാട് - താന്നിക്കുളം റോഡ് 170 ലക്ഷം.

(വടക്കാഞ്ചേരി, ഒല്ലൂർ മണ്ഡലങ്ങളിൽ ഉൾപ്പെടുന്നു.)

കേരള വാട്ടർ അതോറിറ്റിയുടെകീഴിൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന രണ്ട് പദ്ധതികളാണ് എം.എൽ.എ.-മാരുടെ സ്റ്റിമുലസ് പാക്കേജിൽ നടപ്പാക്കുന്നത്.

1. എം.എൽ.എ.-എസ്.ഡി.എഫ്. (2009-10) പുത്തൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 20-ലെ പട്ടനിത്തോപ്പ് കുടിവെള്ള പദ്ധതി.
2. എം.എൽ.എ.-എസ്.ഡി.എഫ്. തൃശ്ശൂർ കോർപ്പറേഷനിലെ ഡിവിഷൻ നമ്പർ-24-ൽ ചിയ്യാരം ഗലീലി മുതൽ കുറിയച്ചിറവരെയുള്ള പൈപ്പ് ലൈനുകളുടെ എക്സ്റ്റൻഷൻ പണികൾ.
3. മാന്ദ്യ വിരുദ്ധ പാക്കേജിൽ ഭരണാനുമതി നൽകിയവ :

(a) ചേവൂർ - മരത്തക്കര - 160 ലക്ഷം.

(b) തൃശ്ശൂർ ഇൻട്രീം വാട്ടർ സപ്ലൈ സ്കീം - 413 "

(c) ഒല്ലൂർ ഇടക്കുന്ന് വാട്ടർ സപ്ലൈ സ്കീം - 1150 "

ജലവിഭവ (ഇറിഗേഷൻ&അഡ്മിനിസ്ട്രേഷൻ) വകുപ്പിന്കീഴിൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

679/2016

LIBRARY ARCHIVES Kerala Legislative Assembly

1. കൈനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 6.40 ലക്ഷം.

2. കൂട്ടാല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - 7.75 "

(ഈ പദ്ധതികൾക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.)

വടകര മണ്ഡലത്തിൽ പാക്കയിൽ കുടിവെള്ളപദ്ധതി

165 (179) ശ്രീ. എം. കെ. പ്രേംനാഥ് : താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാർക്ക് മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഒരു കോടി രൂപയിൽ വടകര മണ്ഡലത്തിൽ പാക്കയിൽ കുടിവെള്ള പദ്ധതിക്ക് നീക്കിവച്ച അറുപത് ലക്ഷം രൂപയുടെ പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

പാക്കയിൽ കുടിവെള്ളപദ്ധതിക്ക് ഇതുവരെയും ഭരണാനുമതി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ജലവിഭവ വകുപ്പിൽ നിന്നാണ്. ഇത് സംബന്ധിച്ച വ്യക്തമായ പ്രൊപ്പോസൽ പ്രസ്തുത വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം

166 (180) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പാക്കാൻ കേന്ദ്രത്തിൽനിന്നും സർക്കാർ എന്തെങ്കിലും തുക വായ്പയായി ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര കോടി ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ശമ്പളപരിഷ്ക്കരണം നടപ്പാക്കുന്നതുവഴി ഖജനാവിന് എത്ര കോടി രൂപയുടെ ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ദീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത നേരിടാൻ സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 3.5 ശതമാനത്തിൽനിന്നും 4 ശതമാനമാക്കി ഉയർത്തി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ പ്രതികരണം ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly